**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 98** — **05.03.2018-ൽ മറുപടിക്ക്**

## ഓഖി ദുരന്തം ബാധിച്ച മത്സ്യത്തൊഴിലാളികൾക്കുള്ള ആശ്വാസ നടപടികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**<br>**,, കെ.സി.ജോസഫ്**<br>**,, കെ.മുരളീധരൻ**<br>**,, റോജി എം. ജോൺ** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | ഓഖി ദുരന്തത്തിന് ശേഷം മന:ശാസ്ത്രപരമായ പ്രശ്നങ്ങൾ കാരണം തൊഴിലിന് പോകുവാൻ കഴിയാതെ ഒരു വിഭാഗം മത്സ്യത്തൊഴിലാളികളും അവരുടെ കുടുംബങ്ങളും ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ട്. |
| (ബി) | പ്രസ്തുത കുടുംബങ്ങൾക്കായി എന്ത് ആശ്വാസ നടപടികളാണ് നടപ്പിലാക്കിയത്; അവർക്കായി ഫാമിലി ബേസ്ഡ് പ്ലാൻ തയ്യാറാക്കും എന്ന ഉറപ്പിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ? | (ബി) | ഇവരുടെ മാനസിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് ആരോഗ്യ വകുപ്പും സാമൂഹ്യ നീതി വകുപ്പും ദുരന്ത നിവാരണ വകുപ്പുമായി ചേർന്ന് സൈക്കോ സോഷ്യൽ കൗൺസിലിംങ് നടത്തുവാൻ തീരുമാനിച്ചിട്ടു ണ്ട്. ഇവർക്ക് കൗൺസിലിംഗ് നടത്തി മാനസിക പ്രശ്നം സംബന്ധിച്ച് വിവരങ്ങൾ മനസ്സിലാക്കി ആവശ്യമായ തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്. ആദ്യ കൗൺസിലിംഗിനുശേഷം മാസത്തിൽ ര ണ്ടുവണയെങ്കിലും ഇത്തരം കുടുംബങ്ങൾ സന്ദർശിച്ച് തുടർ കൗൺസിലിംഗ് നടത്തുന്നതാണ്. ഇപ്രകാരം 3-4 മാസമെങ്കിലും ആദ്യഘട്ടത്തിൽ കൗൺസിലിംഗ് ആവശ്യമായി വരും. ഇതിന് പുറമെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസബിലിറ്റി സ്റ്റഡിയുമായി ചേർന്ന് സംസ്ഥാന ദുരന്ത നിവാരണ ഏജൻസിയും ദീർഘകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ ഓഖി ചുഴലിക്കാറ്റിൽ ഗുരുതരമായി പരിക്കേൽക്കുകയും മത്സ്യബന്ധനത്തിലേർപ്പെടാൻ കഴിയാത്ത ആരോഗ്യസ്ഥിതിയിലുമായ മത്സ്യത്തൊഴി ലാളികൾക്ക് ബദൽ ജീവനോപാധി ഒരുക്കുന്നതിന് ഓരോ കുടുംബത്തിനും 5 ലക്ഷം രൂപ വീതം നൽകുന്നതിന് സഹായകമായ പദ്ധതി ആവിഷ്കരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ